(ഡി) ഇവയുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളുമെന്തൊക്കെയാണ്;

(ഇ) ഇവയ്ക്ക് കൂടുതൽ ഉത്തരവാദിത്വം നൽകാൻ ഉദ്ദേശമുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ അതുസംബന്ധിച്ച വിശദാംശം നൽകുമോ;

(ജി) ഇത്തരം സമിതികൾ ഇതുവരെ നൽകിയ പ്രധാന ഉപദേശങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമാണ്; ഇവ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലമെന്തെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി) നാലു തലത്തിലാണ് ജനകീയ സമിതികൾ പ്രവർത്തിക്കുന്നത്.

1. ജില്ലാതലം
2. ബ്ലോക്ക്തലം
3. ഗ്രാമപഞ്ചായത്തുതലം
4. സ്കൂൾതലം

(സി)&(ഡി) ഈ സമിതികളുടെ ഘടനയും കർത്തവ്യങ്ങളും വ്യക്തമാക്കുന്ന സർക്കാർ ഉത്തരവിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുന്നു.†

(ഇ)&(എഫ്) സ്കൂളുകളുടെ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പങ്കാളിത്തം നൽകാനാവുകയും ചെയ്യുംവിധം മാറ്റം വരുത്തുന്നതിന് ആലോചിച്ചുവരുന്നുണ്ട്.

(ജി) സ്കൂൾ പ്രവർത്തനങ്ങൾ, അധ്യയനനിലവാരം ഇവ മെച്ചപ്പെടുത്തുവാൻ പ്രാദേശികമായ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ സമിതികൾ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

4 (*52) ഡി.പി.ഇ.പി. പാഠ്യപദ്ധതി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള ഡി.പി.ഇ.പി. പാഠ്യപദ്ധതി പരിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ലോകബാങ്കിൽനിന്നും ഇതിനകം ലഭിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; ഇതിനായി ലഭിച്ചിട്ടുള്ള തുക ലാപ്സായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

---

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

(സി) ഡി.പി.ഇ.പി. പാഠ്യപദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് അദ്ധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച പരിശീലനം കൊണ്ട് നേട്ടമുണ്ടാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ കരിക്കുലത്തെ സംബന്ധിച്ച് പുനരവലോകനം നടത്തി ആവശ്യമായ പരിഷ്കാരങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ പാഠ്യപദ്ധതിയുടെ നിലവിലുള്ള പുസ്തകങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ,

(എ) പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയതിൽ ഉയർന്നുവന്നിട്ടുള്ള ചില പ്രായോഗിക വൈഷമ്യങ്ങളും പാഠഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള ചില കുറവുകളും, ഭാഷാപരമായ ചില ന്യൂനതകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.പി.ഇ.പി. ജില്ലകളിലെ പഠനാനുഭവങ്ങളെപ്പറ്റി അവർതന്നെ വിലയിരുത്തിയിട്ടുണ്ട്. പാഠ്യപദ്ധതി ഉയർത്തിവിട്ടിട്ടുള്ള വിമർശനങ്ങളും ന്യൂനതകളും പഠിക്കുവാനായി ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ഡി.പി.ഇ.പി.ക്ക്. ലോകബാങ്കിൽനിന്നും നേരിട്ട് പണമൊന്നും ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാർവഴി ലഭിച്ച തുകയൊന്നും ലാപ്സായിട്ടില്ല.

(സി) പരിശീലനം ഫലപ്രദമാണെന്ന് ഉറപ്പുവരുത്തുവാൻ സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഡി.പി.ഇ.പി. ജില്ലകളിൽ ഇതിനായി പ്രത്യേക പരിശീലകർ ഉണ്ട്. മറ്റ് ജില്ലകളിൽ ഡയറ്റുകൾ വഴി മോണിറ്ററിംഗ് സമ്പ്രദായം ഫലപ്രദമാക്കിവരുന്നു.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

(ഇ) വിദഗ്ദ്ധ സമിതിയുടെ ശുപാർശകളനുസരിച്ച് ചില മാറ്റങ്ങൾ വരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ് : സർ, ഡി.പി.ഇ.പി. പദ്ധതി നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയശേഷം സർക്കാർ സ്കൂളുകളിലും മറ്റ് എയിഡഡ് സ്കൂളുകളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നു എന്നു ബോദ്ധ്യമായിട്ടുണ്ട്. സർക്കാരിന്റെ കണക്കനുസരിച്ച്തന്നെ സർക്കാർ സ്കൂളുകളിൽ ഏതാണ്ട് 761 സ്കൂളുകൾ ആദായകരമല്ലാത്ത വിധത്തിൽ നടത്തുന്നു എന്നാണ്. ഇത്തരത്തിലുള്ള സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നത് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകുന്നില്ല എന്നുള്ളതുകൊണ്ട് രക്ഷാകർത്താക്കൾ അൺ എയിഡഡ് സ്കൂളുകളിൽ കുട്ടികളെ കൊണ്ടുപോകുന്നതുകൊണ്ടാണ്. ഇത് പ്രായോഗികമായി നടപ്പാക്കാൻ പറ്റാതെ വരുന്നു. അതുകൊണ്ട് ഡി.പി.ഇ.പി. പദ്ധതിയുടെ അപാകതകൾ മനസ്സിലാക്കിക്കൊണ്ട് ഈ സ്കൂളുകളെക്കൂടി നിലനിറുത്തുന്നതിനുവേണ്ടി മുൻകാലങ്ങളിൽ ഉണ്ടായിരുന്ന പാഠ്യപദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : കഴിഞ്ഞവർഷവും ഇതേ എതിർപ്പുകൾ ഉയർന്നുവന്നതാണ്. 1997-98 അദ്ധ്യയനവർഷത്തിൽ ഒന്നാം ക്ലാസ് പ്രവേശനത്തിൽ 6.25 ശതമാനം കുറവുവന്നു. ഡി.പി.ഇ.പി. പുതിയ പാഠ്യപദ്ധതി നടപ്പാക്കിയത് 1997-98 ലാണ്. അതിന്റെ അടിസ്ഥാനത്തിൽ കുറവു വരേണ്ടത് 1998-99-ലാണ്. 1998-99-ൽ മൂന്നു ശതമാനം കുറവുവന്നു.. ഈ വർഷത്തെ റിപ്പോർട്ട് വരാൻ പോകുന്നതേയുള്ളൂ. ചില ഭാഗങ്ങളിൽ കുട്ടികൾ കൂടിയിട്ടുണ്ട്. ചില ഭാഗങ്ങളിൽ കുട്ടികൾ കുറഞ്ഞിട്ടുണ്ട് എന്നാണ് അറിയുന്നത്. മൊത്തത്തിൽ എങ്ങനെയാണെന്ന് ഇനിയും അസസ് ചെയ്യേണ്ടതുണ്ട്.

അടൂർ പ്രകാശ് : സർ, ഈ പദ്ധതി നടപ്പാക്കുന്നതിനെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. വളരെയധികം വിദഗ്ദ്ധൻമാർ അഭിപ്രായങ്ങൾ തുറന്നു പറഞ്ഞിട്ടുണ്ട്. ശാസ്ത്രസാഹിത്യ പരിഷത്ത് പോലുള്ള സംഘടനകൾ ഇതിനെതിരെ സമരം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുള്ള സാഹചര്യത്തിൽ ഈ പദ്ധതിയെക്കുറിച്ച് വിശദമായ പഠനം നടത്തി, ഒരു ചർച്ച നടത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, അനുകൂലമായും പ്രതികൂലമായും ധാരാളം അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്ത് അനുകൂലമായ നിലപാടാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ജി. കാർത്തികേയൻ : അതിപ്പോഴാണ്. നേരത്തെ മറിച്ചായിരുന്നു.

ശ്രീ. പി.ജെ. ജോസഫ് : ഈ കാര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തിക്കഴിഞ്ഞപ്പോൾ, കൂടുതൽ വിലയിരുത്തലുകൾ നടത്തിക്കഴിഞ്ഞപ്പോൾ, ആദ്യം എതിർത്തിരുന്നവരിൽ പലരും നിശബ്ദരാകുകയും പലരും പരസ്യമായി അനുകൂലിക്കുകയും ചെയ്തു. രാഷ്ട്രീയമൊക്കെ മറന്ന് എതിർത്തിരുന്നവർ പലരും അനുകൂലമായി വന്നു. അദ്ധ്യാപക സംഘടനകളും സ്വതന്ത്രമായ അഭിപ്രായങ്ങൾ പറയുകയും അനുകൂലമായ നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യം എതിർത്തവർ മുഴുവൻ കാര്യങ്ങളും മനസ്സിലാക്കിയപ്പോൾ അനുകൂലമായി മാറി. അദ്ധ്യാപക സംഘടനകൾക്ക് ആദ്യം ഇതിനോട് എതിർപ്പായിരുന്നു. അവർ കാര്യങ്ങൾ ചർച്ചചെയ്തു. അദ്ധ്യാപകരുടെ പരിശീലനത്തെ സംബന്ധിച്ചും ആദ്യം എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചത്? പ്രൈമറിതലത്തിൽ 43,000 അദ്ധ്യാപകരാണ് അവധിക്കാലത്ത് പരിശീലനപരിപാടിയിൽ പങ്കെടുക്കേണ്ടിയിരുന്നത്. ചില അദ്ധ്യാപകർക്ക് സ്കൂൾ തുറന്നുകഴിഞ്ഞിട്ടേ പരിശീലനത്തിന് വരാൻ സൗകര്യമുണ്ടാകുകയുള്ളൂ. അവർക്ക് സ്കൂൾ തുറന്നിട്ട് പരിശീലനം കൊടുത്താൽ മതിയെന്ന് തീരുമാനിച്ചു. 43,000 അദ്ധ്യാപകരിൽ 36,000 പേർ പരിശീലനത്തിനെത്തി. സംഘടനകളുടെ എതിർപ്പുമാറി.

ശ്രീ. ജി. കാർത്തികേയൻ : മാറിയിട്ടില്ല. മാർക്സിസ്റ്റു സംഘടനകളാണ് മാറിയത്.

ശ്രീ. പി.ജെ. ജോസഫ് : അങ്ങനെയാണെങ്കിൽ 43,000 അദ്ധ്യാപകരും മാർക്സിസ്റ്റ് സംഘടനയിൽപ്പെട്ടവരാണോ? അല്ലെങ്കിൽ 36,000 അദ്ധ്യാപകരും മാർക്സിസ്റ്റ് സംഘടനയിൽപ്പെട്ടതാണോ? പലർക്കും അസൗകര്യങ്ങളുണ്ടായിരുന്നു. മലപ്പുറം ജില്ലയിലുള്ളവർക്ക് അവധിക്കാലത്ത് നാട്ടിൽ പോകണമെന്നുള്ളതുകൊണ്ട് അവർക്ക് ആ സമയത്ത് വരാൻ അസൗകര്യമുണ്ട്. അവർക്ക് അനുമതി കൊടുത്തു. അവർ പരിശീലനത്തിന് പങ്കെടുക്കുമെന്ന് അറിയിച്ചിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. അവർക്കുമുഴുവൻ പങ്കെടുക്കാനുള്ള ക്രമീകരണങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അദ്ധ്യാപകർ സജീവമായി ഈ ക്യാമ്പിൽ പങ്കെടുത്തത് ചിത്രമാകെ മാറ്റിയിരിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഡി.പി.ഇ.പി.ക്കുവേണ്ട പാഠ്യപദ്ധതി ഏതുവിധത്തിലായിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ എന്ന എന്റെ 23.3.1999-ലെ ചോദ്യത്തിന് എഴുതിത്തന്ന ഉത്തരം 'ഇല്ല' എന്നായിരുന്നു. 25.7.1998-ൽ ഡി.പി.ഇ.പി. പദ്ധതി നടപ്പാക്കുന്നതിന് ലോകബാങ്കിൽനിന്നും കേന്ദ്രഗവൺമെന്റ് വഴി ലഭിച്ച വായ്പാസൗകര്യം എത്ര രൂപയാണെന്നും ലോകബാങ്ക് നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾ എന്തൊക്കെയാണെന്നുമുള്ള ശ്രീ. പാലോട് രവിയടക്കമുള്ള നാലുപേരുടെ ചോദ്യത്തിന് ലോകബാങ്കിൽനിന്നും വ്യവസ്ഥകളൊന്നും നിർദ്ദേശിച്ചിട്ടില്ലെന്നായിരുന്നു മറുപടി ലഭിച്ചത്. അങ്ങനെ വ്യവസ്ഥകളൊന്നും ഇല്ലാതെ എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഈ മാറ്റം വരുത്തിയത്; ഈ മാറ്റം വരുത്തിയത് ആരുടെ ഉപദേശപ്രകാരമാണ്?

ശ്രീ. പി.ജെ. ജോസഫ് : സർ, ഏറ്റവും പ്രധാനപ്പെട്ട അദ്ദേഹത്തിന്റെ ആക്ഷേപം അദ്ദേഹത്തിന്റെ ചോദ്യത്തിൽനിന്നും ഇല്ലാതിരിക്കുകയാണ്. ലോകബാങ്കിന്റെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലല്ല, പിന്നെ എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ചോദിച്ചു. ഈ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തിയിരിക്കുന്നത് ഡി.പി.ഇ.പി. നടപ്പാക്കുന്ന ആറു ജില്ലകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ഇത് 14 ജില്ലകളിലും നടപ്പാക്കാനിരിക്കുന്നു. കേരളത്തിലെ ബോധനരീതിയിൽ, പാഠ്യപദ്ധതികൾ, പാഠപുസ്തകങ്ങൾ അടിസ്ഥാനപരമായ മാറ്റം വരുത്തി വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ദീർഘകാലാടിസ്ഥാനത്തിൽ കൊണ്ടുവരുന്ന സമഗ്രമായ ഒരു മാറ്റത്തിന്റെ ഭാഗമായിത്തന്നെയാണ് ഈ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. ഈ മാറ്റങ്ങൾ തുടരുകയാണ്. എസ്.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ നാലാം ക്ലാസ്സുവരെ മാത്രമേ ഡി.പി.ഇ.പി. പദ്ധതി വന്നിട്ടുള്ളൂ. 5-ാം ക്ലാസ്സും 6-ാം ക്ലാസ്സും ഈ വർഷമായി. അടുത്ത വർഷം 7-ാം ക്ലാസ്സ് തുടങ്ങും. അങ്ങനെ തുടർച്ചയായി 12-ാം ക്ലാസ്സുവരെ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമാണിത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് വളരെ വാശിയോടുകൂടി മറുപടി പറഞ്ഞതിൽ എനിക്ക് നന്ദിയുണ്ട്. ഡി.പി.ഇ.പി. പദ്ധതി നടപ്പിലാക്കുന്ന 6 ജില്ലകളിലൊന്ന് എന്റെ ജില്ലയാണ്. അവിടേയും ഡ്രോപ്പ് ഔട്ടുണ്ട്. അതിനെക്കുറിച്ച് ധാരാളം പരാതികൾ വന്നുകൊണ്ടിരിക്കുകയാണ്. ഡ്രോപ്പ് ഔട്ട് ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമുണ്ട്. അവിടെനിന്നും എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ പാലായനം ചെയ്തുകൊണ്ടിരിക്കുന്നത് അങ്ങ് ശ്രദ്ധിക്കുന്നുണ്ടോ; അത് വളരെ ബോധപൂർവ്വം ചെയ്യുന്നതാണോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഞാൻ കഴിഞ്ഞവർഷത്തെ കണക്ക് ഇവിടെ പറഞ്ഞു. കഴിഞ്ഞവർഷം കുറവുണ്ടായില്ല. ഈവർഷം മൊത്തത്തിലുള്ള കണക്ക് വരുന്നതേയുള്ളൂ. ചില സ്കൂളുകളിൽ കൂടിയിട്ടുള്ളതായി റിപ്പോർട്ടുണ്ട്. ഗവൺമെന്റ് സ്കൂളുകളിൽ ഇത്തവണ എൻറോൾമെന്റ് കൂടിയിട്ടുമുണ്ട്. സ്വാഭാവികമായി ജനസംഖ്യാകുറവ് ഇതിലുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. ഈ കാര്യങ്ങളെ സംബന്ധിച്ച് കൂടുതൽ ബോധവൽക്കരണം

LIBRARY ARCHIVES Kerala Legislative Assembly

നടന്നുവരുന്നു. ഈ സാഹചര്യത്തിൽ കാര്യമായ ഒരു കുറവുണ്ടാകില്ല എന്നു തന്നെയാണ് കരുതുന്നത്.

ശ്രീ. കെ. മുഹമ്മദാലി : സർ, വിവിധ പാഠ്യപദ്ധതി അനുസരിച്ച് ഡി.പി.ഇ.പി. പോലുള്ള പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമ്പോൾ അക്കാദമിക് രംഗത്തുണ്ടാകുന്ന പ്രത്യാഘാതങ്ങൾ മുൻകൂട്ടി കാണുവാൻ കഴിയുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, കുട്ടികൾ 1, 2, 3, 4 ക്ലാസ്സുകളിൽനിന്നും പഠിച്ചുപോകുമ്പോൾ ഭാഷയും കണക്കുമൊന്നും അറിഞ്ഞിരിക്കുകയില്ല. അടിത്തറയില്ലാതെ മുന്നോട്ടുപോകുന്നു എന്നുള്ളത് കേരളത്തിൽ ഒരു വസ്തുതയായിരുന്നു. അതിനൊരുമാറ്റം വരുത്താൻ ഓരോ ക്ലാസ്സിലും അറിയേണ്ട കാര്യങ്ങൾ അറിഞ്ഞുതന്നെ അവർ പോകണമെന്നുള്ളത് ഉറപ്പാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ മാറ്റം കൊണ്ടുവന്നിട്ടുള്ളത്. അക്കാദമിക് രംഗത്തെ ടീച്ചേഴ്സിന്റെയും വിദ്യാഭ്യാസ പ്രവർത്തകരുടേയുമെല്ലാം പഠനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഈ മാറ്റം വരുത്തിയിരിക്കുന്നത്.

ശ്രീ. കെ. മുഹമ്മദാലി : സർ, ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ ഇന്നത്തെ ശോചനീയമായ സ്ഥിതികളെക്കുറിച്ച് വളരെ വിവാദങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പുതിയ പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങളുണ്ടാകുന്നത് ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലാണ്. അൺ എയ്ഡഡ് സ്കൂളുകളിൽ ഇത് വരുന്നില്ല. യഥാർത്ഥത്തിൽ രണ്ടുതരം പൗരൻമാരെ സൃഷ്ടിക്കുന്ന അപകടകരമായ ഒരു സ്ഥിതിവിശേഷത്തിനു മാത്രമേ ഇത് ഉപകരിക്കുന്നുള്ളൂ. ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി.ജെ. ജോസഫ് : സർ, ഇംഗ്ലീഷ് മീഡിയത്തോടുള്ള ഒരു താൽപ്പര്യം പ്രൈമറിതലം മുതൽ നമ്മുടെ സംസ്ഥാനത്തുണ്ട്. പലപ്പോഴും പല തെറ്റായ ധാരണയുടെ അടിസ്ഥാനത്തിലാണ് ഇത് കണ്ടുവരുന്നത്. ഇതിന് സാമൂഹ്യ ചിന്തയിൽത്തന്നെ മാറ്റം വരണം. അത് ഈ പുതിയ പാഠ്യപദ്ധതി തുടങ്ങിയതിനുശേഷമുള്ളതല്ല, കുറേക്കാലമായി നമ്മുടെ സംസ്ഥാനത്തുള്ളതാണ്. എന്നാൽ അനധികൃതമായി നടത്തുന്ന ഇത്തരം വിദ്യാലയങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമുള്ള നിലവാരം മെച്ചപ്പെടുത്താനുള്ള ശക്തമായ ശ്രമം ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്നതാണ്.

ശ്രീമതി ആർ. ലതാദേവി : സർ, ഡി.പി.ഇ.പി.യെ സംബന്ധിച്ച എന്റെ ചോദ്യത്തിന് കേരള സർക്കാർ എല്ലാ സ്കൂളുകളിലും പുതിയ പാഠ്യപദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ഡി.പി.ഇ.പി.യെ സംബന്ധിച്ച് രക്ഷാകർത്താക്കൾ ഉന്നയിച്ചിട്ടുള്ള സംശയങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്ന് എന്തുകൊണ്ട് കേരളത്തിലെ മുഴുവൻ സ്കൂളുകളിലും ഈ പാഠ്യപദ്ധതി ബാധകമാക്കുന്നില്ല എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു കാര്യം, ഒന്നാം ക്ലാസ് മുതൽ കുട്ടികൾ അടിത്തറയില്ലാതെ മുന്നോട്ടുപോയി, ഇപ്പോൾ അടിത്തറ ഉണ്ടാക്കാൻ ശ്രമിക്കുന്നു എന്നാണ്. അത് വളരെ നല്ലകാര്യമാണ്. എന്നാൽ ഇപ്പോഴും സർക്കാർ സിലബസ് അംഗീകരിക്കാത്ത അൺ എയ്ഡഡ് സ്കൂളുകളിലെയും ഇംഗ്ലീഷ് മീഡിയം സ്കൂളിലെയും വിദ്യാർത്ഥികൾ അടിത്തറയില്ലാതെയാണ് മുന്നോട്ടുപോകുന്നത്. അവർക്കുകൂടി അടിത്തറയുണ്ടാക്കുന്നതിനു കഴിയുന്നതരത്തിൽ, മുഴുവൻപേർക്കും പ്രയോജനം കിട്ടത്തക്കവിധം മുഴുവൻ അൺഎയ്ഡഡ്

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിലും ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും ആ പാഠ്യപദ്ധതി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇപ്പോൾ ഇതിനെക്കുറിച്ച് ബോധമില്ലാത്ത ഒരു വിഭാഗം ആളുകൾ എന്നുകരുതുന്നവരിൽ വളരെ പ്രധാനപ്പെട്ടവരാണ് നമ്മുടെ എം.എൽ.എ.മാർ, മന്ത്രിമാർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർ. അവർക്ക് ഈ പദ്ധതിയെക്കുറിച്ച് വേണ്ടത്ര ധാരണ ഇപ്പോഴുണ്ടെന്ന് തോന്നുന്നില്ല. അവർക്കുകൂടി ഈ കാര്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് പ്രത്യേകം സംവിധാനമുണ്ടാകണം.

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, 1997-98-ലാണ് ഈ പുതിയ പരിഷ്കാരം നടപ്പിലാക്കിയത്. അതിനുമുമ്പ് കേരള സർക്കാരിന്റെ സിലബസ് ഉണ്ട്. സർക്കാർ സിലബസ് ഇവിടെയുള്ള മറ്റു സ്കൂളുകളിലേക്ക് മുഴുവൻ വ്യാപിപ്പിച്ചിട്ടുണ്ട്. ഒരു പുതിയ പാഠ്യപദ്ധതി നടപ്പാക്കിയതിനുശേഷം 1997-98-നു മുമ്പുള്ള സിലബസ് ചില സ്കൂളുകളിൽ നിലവിലുണ്ട്. അത് പരമാവധി കുറച്ചുകൊണ്ടുവരാൻ കുറേക്കൂടി കർശനമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. മുരളി</u> : സർ, ഡി.പി.ഇ.പി. നടപ്പിലാക്കാൻ കേന്ദ്ര ഗവൺമെന്റിലൂടെ മാത്രമേ വേൾഡ് ബാങ്ക് പണം അനുവദിച്ചിട്ടുള്ളൂ, നേരിട്ട് ഒന്നും കിട്ടിയിട്ടില്ല എന്ന് അങ്ങ് പറഞ്ഞു. കേന്ദ്ര ഗവൺമെന്റിലൂടെയാണല്ലോ സ്റ്റേറ്റ് ഗവൺമെന്റുകൾക്ക് വിദേശസഹായം പലതും കിട്ടുന്നത്. അത് എത്ര തുക കിട്ടി, വേൾഡ് ബാങ്ക് എന്തെല്ലാം നിബന്ധനകൾ മുന്നോട്ടുവെച്ചു, അതെല്ലാം സംസ്ഥാന സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തോ? അതോടൊപ്പം ഒരു കാര്യം കൂടി കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകൾ മുഴുവൻ-ഒരു സംഘടനപോലും മാറിനിൽക്കാതെ ഡി.പി.ഇ.പി.യെ എതിർത്ത സാഹചര്യത്തിൽ അവരുടെ എതിർപ്പിനോടുള്ള ഗവൺമെന്റിന്റെ നിലപാട് എന്താണ്; അവരുടെ എതിർപ്പിനെ മുഖവിലയ്ക്കെടുത്തുകൊണ്ട് വന്നിരിക്കുന്ന വിമർശനങ്ങൾ വിലയിരുത്താൻ, ഗുണദോഷങ്ങൾ വിലയിരുത്താൻ ഒരു നിയമസഭാ കമ്മിറ്റിയെ അല്ലെങ്കിൽ നമ്മുടെ വിദ്യാഭ്യാസ കാര്യങ്ങൾക്കുള്ള സബ്ജക്ട് കമ്മിറ്റിയെയെങ്കിലും ചുമതലപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, 185.98 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽത്തുക. ഇതിൽ 15 ശതമാനം സംസ്ഥാന ഗവൺമെന്റ് വഹിക്കേണ്ടതാണ്. ലോകബാങ്കിന്റേയും മറ്റ് വിദേശ ഏജൻസികളുടേയും എത്രയോ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്നു. അത്തരത്തിൽ ഗുണനിലവാരം മെച്ചപ്പെടുത്താനുള്ള വ്യവസ്ഥകൾതന്നെയാണ്; പ്രത്യേക എതിർപ്പ് പ്രകടിപ്പിക്കേണ്ട വ്യവസ്ഥകളൊന്നുംതന്നെയില്ല എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. പിന്നെ ഇതിൽ ഒരു വിഭാഗം പൂർണ്ണമായും എതിർത്തു എന്നു പറയുന്നതും വളരെ അതിശയോക്തിപരമായ പ്രസ്താവനയാണ്. ഏത് പുതിയ പദ്ധതി നടപ്പിലാക്കുമ്പോഴുമുള്ള ഒരു എതിർപ്പ് ഈ കാര്യത്തിലുമുണ്ടായിട്ടുണ്ട്. കൂടുതൽ ജനങ്ങളും സഹകരിച്ച് മുന്നോട്ട് വരുകയാണ് എന്നാണ് ഗവൺമെന്റിന് ഇക്കാര്യത്തിൽ പറയുവാനുള്ളത്.

<u>ശ്രീ. കെ. സുധാകരൻ</u> : സർ, ഡി.പി.ഇ.പി. പദ്ധതി നടപ്പിലാക്കുന്നതിന് ജനകീയ സമിതികൾ രൂപീകരിക്കുന്നു എന്ന് പറഞ്ഞു. രാഷ്ട്രീയ ലക്ഷ്യം വെച്ചുകൊണ്ട്, പക്ഷപാതപരമായി ജനകീയസമിതികൾ രൂപീകരിക്കുന്നുവെന്ന ആക്ഷേപം വളരെ വ്യാപകമായി വന്നിട്ടുണ്ട്. അതിനെതിരെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : അങ്ങനെയുള്ള ജനകീയ സമിതികൾ ഇല്ല. ജില്ലാ ഉപദേശക സമിതി, ജില്ലാ ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ലോക അഡ്വൈസറി ബോഡി, വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റി, ഇതെല്ലാം വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള സമിതികളാണ്. അവിടെ രാഷ്ട്രീയത്തിന്റെ പരിഗണനയൊന്നും വന്നിട്ടില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഡി.പി.ഇ.പി. ആറ് ജില്ലകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. ബാക്കി ജില്ലകളിലും ഇന്നുള്ള പാഠ്യപദ്ധതി ആ രീതിയിലേയ്ക്ക് മാറ്റുകയാണ് എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇവിടെ ശ്രീ. എം. മുരളി ചൂണ്ടിക്കാണിച്ച ഒരു കാര്യം, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ സംഘടനകളും ഇതിനെ എതിർത്തുവെന്നാണ്. ഇത് വസ്തുതാപരമായി ശരിയായിട്ടുള്ള കാര്യമല്ല, കാരണം കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെ ഏറ്റവും കൂടുതൽ സംഘടിപ്പിച്ച ഏറ്റവും പ്രധാനപ്പെട്ട സംഘടനയാണ് കെ.എസ്.കെ.ടി.യു. ഡി.പി.ഇ.പി. പദ്ധതി ഫലപ്രദമായ രീതിയിൽ ആറ് ജില്ലകളിലുംപുറമെ മറ്റല്ലാ ജില്ലകളിലും നടപ്പാക്കുമ്പോൾ ആദിവാസിമേഖലയിലും പട്ടകജാതി മേഖലയിലും കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, ഈ പദ്ധതിയിൽ കൂടുതൽ ഊന്നൽ കൊടുക്കുന്നത് തീരപ്രദേശങ്ങൾക്കും ആദിവാസി മേഖലയ്ക്കുമാണ്. കൂടുതൽ കുട്ടികളും കൊഴിഞ്ഞുപോകുന്നത് ഈ മേഖലകളിലാണ്. അത് കുറയ്ക്കുവാനും കൂടുതൽ കുട്ടികളെ ആകർഷിക്കുവാനും കഴിയുന്നരീതിയിൽ ആദിവാസി മേഖലയിലും തീരപ്രദേശങ്ങളിലും കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള പദ്ധതിക്ക് രൂപംകൊടുത്തിട്ടുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ മെക്കാളെ പ്രഭുവിന്റെ പ്രേതബാധ ഇവിടെ ചിലരെയൊക്കെ പിടികൂടിയിട്ടുണ്ട്. അതൊഴിപ്പിക്കാൻ വേണ്ടിയുള്ള ശ്രമം നടത്താൻ വേണ്ടത്ര ബോധവൽക്കരണം ആ രംഗത്ത് കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സർ, പ്രൈമറി ക്ലാസ്സുകളിൽ മാതൃഭാഷയിൽ പഠിച്ചിട്ട് പിന്നീട് ഇംഗ്ലീഷ് മീഡിയത്തിലോട്ട് മാറിയതുകൊണ്ട് ഇംഗ്ലീഷിന്റെ നിലവാരം കുറയുകയില്ല. പ്രൈമറി ക്ലാസ്സുകളിൽ കുട്ടികൾക്ക് കൂടുതൽ അറിവുനേടാനുള്ള ത്രാണിയുണ്ടാക്കിയതിനുശേഷം ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതായിരിക്കും കൂടുതൽ പ്രയോജനം. മീഡിയം മാറുന്നത് പ്രൈമറിതലം കഴിഞ്ഞിട്ട് മതിയെന്നുള്ള ഒരു പൊതുജനാഭിപ്രായം ഈ സംസ്ഥാനത്ത് നിരന്തരമായി വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, വിദ്യാർത്ഥികളെ കേന്ദ്രീകരിച്ചുള്ള ഈ വിദ്യാഭ്യാസ സമ്പ്രദായത്തെ ഡി.പി.ഇ.പി. എന്നപേരുമാത്രം വെച്ചുകൊണ്ട് എതിർക്കുന്നത് അശാസ്ത്രീയമാണെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി.ജെ. ജോസഫ് : സർ, അദ്ധ്യാപകരുടെ അറിവ് കുട്ടികളിൽ കുത്തിനിറയ്ക്കാനുള്ള ശ്രമമല്ലാതെ കുട്ടികൾക്ക് സ്വയം പഠിക്കാനുള്ള ഒരവസരമോ അവർക്ക് സ്വയം കാര്യങ്ങൾ നിരീക്ഷിക്കാനുള്ള അവസരമോ ഉണ്ടായിരുന്നില്ല. ഇന്ന് പ്രൈമറിതലത്തിലുള്ള കുട്ടികൾക്ക് കത്തെഴുതാൻ, പരിസരം നിരീക്ഷിക്കാൻ, ചെടികളുടെ പേരുകൾ, മൃഗങ്ങളുടെ പേരുകൾ ഇവ

LIBRARY ARCHIVES Kerala Legislative Assembly

സ്വതന്ത്രമായി പറയുവാനും എഴുതുവാനും, കൂടുതൽ സംസാരിക്കാനും ഒക്കെക്കഴിയുന്ന ഒരു സ്ഥിതിവിശേഷമാണുണ്ടായിട്ടുള്ളത്. ശിശുകേന്ദ്രീകൃത മായ ഈ സംവിധാനം പൊതുവെ അംഗീകരിക്കപ്പെട്ട ഒരു കാര്യമാണ്. അത് ഡി.പി.ഇ.പി. എന്നുള്ള പേരിൽ, ഈ മാറ്റത്തെ ചിലർ അറിയാതെ വിമർശിച്ചു പോയിട്ടുള്ളതാണ്. ഈ മാറ്റം ഡി.പി.ഇ.പി.യിൽക്കൂടിയല്ലെങ്കിലും നമ്മുടെ സംസ്ഥാനത്ത് വരേണ്ടതാണ്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : സർ, ഈ പുതിയ പാഠ്യപദ്ധതി നടപ്പിലാക്കിയിടത്തെല്ലാം വിജയമാണെന്ന് മനസ്സിലാക്കിയിട്ടും ബോധപൂർവ്വം അതിനെതിരായി പ്രചരണം നടത്തുന്നതും അതിന് തടസ്സം നിൽക്കുന്നതും വിദ്യാഭ്യാസ കച്ചവട താൽപ്പര്യങ്ങളുടെ അനുകൂലികളാണ്. അത്തരം താൽപ്പര്യങ്ങളെ അവസാനിപ്പിക്കുന്നതിനും വിദ്യാഭ്യാസത്തിന് ജനകീയ സ്വഭാവം കൈവരിക്കുന്നതിനുംവേണ്ടി പ്രാഥമികതലം മുതൽ പ്രൈമറിതലം വരെയുള്ള വിദ്യാഭ്യാസം ഏകീകൃതമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, ഒരു കുട്ടിയുടെ ഓർമ്മശക്തി മാത്രം പരിശോധിക്കുന്ന പരീക്ഷാരീതിക്ക് അടിസ്ഥാനപരമായ ഒരു മാറ്റം വരുകയാണ്. അപ്പോൾ ഗൈഡുകൾക്ക് വലിയ പ്രസക്തി ഉണ്ടാകുകയില്ല. ക്വസ്റ്റ്യൻ പേപ്പറിന് വലിയ പ്രസക്തിയുണ്ടാകുകയില്ല. ഇതൊക്കെ വിദ്യാഭ്യാസരംഗത്ത് വരാൻ പോകുന്ന വലിയ മാറ്റങ്ങളാണ്.

<u>ശ്രീ. പി. രാഘവൻ</u> : സർ, ഈ പുതിയ പരിഷ്കാരം നടപ്പിലാക്കിയതിനുശേഷം വിദ്യാർത്ഥികൾക്ക് സ്വന്തമായ കഴിവ് വർദ്ധിപ്പിക്കാൻ സാധിച്ചു, ക്ലാസ്സുകളെല്ലാം സജീവമാണ് എന്നുള്ളത് പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. വിദ്യാഭ്യാസനിലവാരം ഇതിന്റെ ഫലമായി വർദ്ധിക്കുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് ഒരവലോകനം നടത്താൻ വല്ല പ്രത്യേക സംവിധാനവും സംസ്ഥാനത്തുണ്ടോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : സർ, അവലോകനങ്ങൾ നിരന്തരമായി നടത്തുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ബി.ആർ.സി.കളിൽ അതുപോലെ ക്ലസ്റ്റർ റിസോഴ്സസ് ഗ്രൂപ്പുകൾ, ഏതാനും സ്കൂളുകളിലെ അദ്ധ്യാപകർ ഒന്നിച്ചിരുന്ന് അവരുടെ അനുഭവങ്ങൾ വിലയിരുത്താനുള്ള സംവിധാനങ്ങളുണ്ടായിരിക്കുന്നു. അതുപോലെ സ്കൂളുകളിൽ ഇടയ്ക്കിടെ പരിശോധന നടത്തുന്നുണ്ട്, ഇക്കാര്യങ്ങളെല്ലാം നടക്കുന്നുണ്ടോ എന്നുള്ളത് നോക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. അത് കുറ്റമറ്റതാക്കി, ഫലപ്രദമായി നടപ്പിലാക്കാൻ അൽപ്പംകൂടി സമയമെടുക്കും. പുതിയ ഒരു പദ്ധതി പരീക്ഷിക്കുമ്പോൾ ഈ സംവിധാനങ്ങളൊക്കെ നോക്കേണ്ടതായിട്ടുണ്ട്. ഇത് പരമാവധി കാര്യക്ഷമമായി നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. എ.കെ. ആന്റണി</u>) : സർ, ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ പരസ്പരം പഴിചാരാനുള്ള ഒന്നല്ല നമ്മുടെ കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന ഈ വിഷയം. ബഹുമാനപ്പെട്ട മന്ത്രിക്കും ഭരണകക്ഷിയിലെ നിരവധി അംഗങ്ങൾക്കും ഇതിനെക്കുറിച്ച് അവരുടേതായ അഭിപ്രായങ്ങളും ധാരണകളും വിശ്വാസങ്ങളുമുണ്ട്. പ്രതിപക്ഷത്തുള്ള പല അംഗങ്ങൾക്കും ഇക്കാര്യത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. കേരളത്തിൽ ഇന്ന് നടക്കുന്ന ചർച്ചകൾ രാഷ്ട്രീയ അടിസ്ഥാനത്തിൽ അല്ല. ഭരണകക്ഷിയെ അനുകൂലിക്കുന്നവർക്കും പ്രതിപക്ഷത്തെ അനുകൂലിക്കുന്നവരും രാഷ്ട്രീയമുള്ളവരും രാഷ്ട്രീയമില്ലാത്തവരും വിദ്യാഭ്യാസരംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്നവരുമെല്ലാം ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിക്കുന്നുണ്ട്. ഡി.പി.ഇ.പി.യുടെ ഇന്നത്തെ നടത്തിപ്പ് കേരളത്തിലെ ദരിദ്ര ജന വിഭാഗങ്ങളുടെയും പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ഇവിടത്തെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കാൻ നിവൃത്തിയില്ലാത്ത എല്ലാ വിഭാഗം കുട്ടികളുടെയും ഭാവി അപകടത്തിലാകുമെന്ന് വലിയൊരു വിഭാഗം ആളുകൾ കരുതുന്നു. ഗവൺമെന്റ് അത് വിശ്വസിക്കുന്നുമില്ല. നമുക്ക് ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്തിക്കൂടേ? ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ഗവൺമെന്റിനും മറ്റുള്ളവരുടെ നിലപാടുകളോട് അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടി നിയമസഭാംഗങ്ങൾ നാടുചുറ്റുന്നു. ഡി.പി.ഇ.പി.യുടെ കഴിഞ്ഞ മൂന്നു വർഷത്തെ നടത്തിപ്പിനെ സംബന്ധിച്ച് അതിന്റെ പുരോഗതി എന്താണ്; ശരിയും തെറ്റുമെന്താണ്; എന്നതിനെ സംബന്ധിച്ച് മനസ്സിലാക്കുന്നതിന് ഈ നിയമസഭയിലെ ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള എം.എൽ.എ.മാരുടെ ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. ഏതാണ് സത്യമെന്നു കണ്ടുപിടിക്കാൻ വാർത്താമാദ്ധ്യമങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താം. കമ്മിറ്റി പരിശോധിച്ച് നിയമസഭയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതായിരിക്കും. ഇക്കാര്യം അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : കഴിഞ്ഞവർഷം ഇതുപോലൊരു അഭിപ്രായം പൊന്തിവന്നപ്പോൾ ഇതു പരിശോധിക്കാൻ ഒരു വിദഗ്ദ്ധസമിതിയെ നിശ്ചയിക്കുന്നതാണെന്ന് ഈ സഭയിൽ ഞാൻ പറയുകയുണ്ടായി. ഞാൻ ഈ സഭയിൽ പറഞ്ഞ ആ വാഗ്ദാനം പാലിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രൊഫ. എസ്. ഗുപ്തൻ നായർ, പ്രൊഫ. ഹൃദയകുമാരി, പ്രൊഫ. മോഹൻ മേനോൻ എന്നീ വിദ്യാഭ്യാസ വിദഗ്ദ്ധർ അടങ്ങിയ സമിതിയെ നിയോഗിക്കുകയും അവർ പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഈ രീതി ഒരിക്കലും ഉപേക്ഷിക്കരുത്, ഇത് അടിസ്ഥാനപരമായ സമീപനമാണ് എന്നാണ് അവരുടെ പ്രാഥമിക റിപ്പോർട്ടിൽ ഡി.പി.ഇ.പി.യെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഈ സമീപനത്തെ കമ്മിറ്റി അംഗീകരിച്ചിരിക്കുകയാണ്. അതിനുശേഷം പാഠപുസ്തകത്തിലെ ഭാഷാപരമായ ന്യൂനതകൾ ചൂണ്ടിക്കാണിച്ചു. ഈ സമീപനത്തെ അവർ അടിസ്ഥാനപരമായി അംഗീകരിച്ചു എന്നുള്ളത് വളരെ പ്രസക്തമായ കാര്യമാണ്. പ്രൊഫ. ഗുപ്തൻ നായർ, പ്രൊഫ. ഹൃദയകുമാരി എന്നിവർ നിഷ്പക്ഷമായി കാര്യങ്ങൾ വിലയിരുത്തുമെന്ന് അഭിപ്രായമുള്ളവരാണ്. ഇതിലെ അടിസ്ഥാനപരമായ സമീപനത്തെ അംഗീകരിക്കുന്നു എന്നാണ് ഗവൺമെന്റിന് റിപ്പോർട്ട് നൽകിയിരിക്കുന്നത്. പുതിയ രീതി തുടരുന്നതിനെ അവർ അനുകൂലിച്ചിരിക്കുന്നു. പാഠ്യപദ്ധതി പരിഷ്കരണം പോലുള്ള അക്കാദമിക് ആയിട്ടുള്ള കാര്യം നമ്മുടെ സമിതിയാണോ പരിശോധിക്കേണ്ടത് എന്നുള്ളതിനെ സംബന്ധിച്ച് എനിക്കൊരു സംശയം ദൂരീകരിക്കാനുണ്ട്. നടത്തിപ്പിൽ കുറവുകൾ ഉണ്ടോയെന്ന് നമുക്ക് നോക്കാം. അക്കാദമിക് അപ്രോച്ചിനെ സംബന്ധിച്ച് അവസാന വാക്ക് പറയേണ്ടത് നമ്മുടെ സമിതിയാണോയെന്ന് ഒന്നുകൂടി പരിശോധിക്കണമെന്നുള്ള അഭിപ്രായമെനിക്കുണ്ട്. വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ ഉണ്ട്. ആദ്യപടിയായി സബ്ജക്ട് കമ്മിറ്റി അടിസ്ഥാനപരമായി ഇത് പരിശോധിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly